പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .1669

18.06.2012-ൽ മറുപടിക്ക്

# മത്സ്യത്തൊഴിലാളി ക്ഷേമനിധിബോർഡിൽ നിന്നുള്ള വിവാഹ ധനസഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. ദാസൻ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികളുടെ പെൺ കുട്ടികളുടെ വിവാഹത്തിനായി ക്ഷേമനിധി ബോർഡ് നിലവിൽ നൽകുന്ന ധനസഹായം വളരെ കുറവാണ് എന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ധനസഹായം വർദ്ധിപ്പിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ധനസഹായം വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |
| (ബി) | മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ക്ഷേമത്തിനായി പുതുതായി നടപ്പി ലാക്കിയ പദ്ധതികൾ ഏതെല്ലാം എന്ന് വിശദീകരിക്കുമോ? | (ബി) | മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി നിലവിൽ 17 പദ്ധതികൾ നടപ്പിലാക്കി വരുന്നു. അവയിൽ പ്രധാനപ്പെട്ട പദ്ധതികളായ വാർദ്ധക്യകാല പെൻഷൻ, അപകട ഇൻഷ്വറൻസ് പദ്ധതി എന്നിവയ്ക്ക് 2011-12 സാമ്പത്തിക വർഷത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്. 2011-2012 വർഷത്തിൽ വാർദ്ധക്യകാല പെൻഷൻ ആയി മത്സ്യത്തൊഴി ലാളികൾക്ക് പ്രതിമാസം 400/- രൂപ നിരക്കിൽ 24.95 കോടി രൂപ കുടിശ്ശികയില്ലാതെ വിതരണം നടത്തു കയുണ്ടായി. അപകട ഇൻഷ്വറൻസ് പദ്ധതി പ്രകാരം അപകട മരണത്തിന്റെ ധനസഹായം 2 ലക്ഷം രൂപയിൽ നിന്നും 3 ലക്ഷം രൂപയായും അവശതയ്ക്ക് 1 ലക്ഷം രൂപയിൽ നിന്ന് 1.5 ലക്ഷം രൂപയായും 07.12.2011 മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ